(ബി) 2011-12-ൽ തെരഞ്ഞെടുത്ത 12 നിയോജകമണ്ഡലങ്ങളിൽ 11 മണ്ഡലങ്ങളിലും കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കൽപ്പറ്റ, കൂത്ത്പറമ്പ് മുതലായ നിയോജകമണ്ഡലങ്ങളിലായി 737.58 ലക്ഷം രൂപയുടെ കാർഷിക പദ്ധതികളാണ് നടപ്പിലാക്കിയത്. 2013-14-ൽ തെരഞ്ഞെടുത്ത 31 നിയോജക മണ്ഡലങ്ങൾക്കുമായി ആർ.കെ.വി.വൈ. സ്കീമിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. നിയോജക മണ്ഡലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മങ്കട നിയോജക മണ്ഡലത്തെ 2013-14-ലെ നിറവ് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മങ്കട മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതി**

123 (7420) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിറവ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ പാടശേഖരങ്ങൾ, കൃഷിഭൂമി എന്നിവ എവിടെയെല്ലാം ലഭ്യമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലനിൽക്കുന്നതെന്ന് ഭൂമിയുടെ വിസ്തൃതി, മറ്റ് വിവരങ്ങൾ എന്നിവ സഹിതം വിശദമാക്കാമോ ;

(ഡി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് പാടശേഖര സമിതികൾ ഉള്ളതെന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) കൊയിലാണ്ടി വെളിയന്നൂർ ചല്ലികൃഷിക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ മുമ്പാകെ കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പാടശേഖരങ്ങൾ അരിക്കുളം, കൊയിലാണ്ടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് അരിക്കുളം, കൊയിലാണ്ടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലായി നിലനിൽക്കുന്നതും 296 ഹെക്ടർ വിസ്തൃതിയുള്ളതുമാണ്. ഇതിനു പുറമെ അരിക്കുളം പഞ്ചായത്തിലെ വെളിയന്നൂർ ചല്ലി (400 ഹെക്ടർ) കൃഷിക്ക് ഉപയുക്തമാക്കിയെടുക്കാവുന്നതാണ്.

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലുള്ള പാടശേഖര സമിതികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | .. | 10 |
| മുടാടി | .. | 4 |
| ചേമഞ്ചേരി | .. | 1 |
| ചെങ്ങോട്ട്കാവ് | .. | 1 |
| അരിക്കുളം | .. | 9 |
| ആകെ | .. | 25 |

(ഇ) ഇല്ല. കൊയിലാണ്ടി വെളിയന്നൂർ ചല്ലികൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി കെ.എൽ.ഡി.സി. തയ്യാറാക്കിയ 7,90,99,100 രൂപയുടെ പദ്ധതി ആർ.ഐ.ഡി.എഫിൽ സമർപ്പിക്കുന്നതിനായി കൃഷി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

**പായിപ്പാട്, തൃക്കൊടിത്താനം, മാടപ്പള്ളി, വാഴപ്പള്ളി, കുറിച്ചി, ചങ്ങനാശ്ശേരി ഠൗൺ എന്നീ സ്ഥലങ്ങളിലെ കൃഷിഭവനുകൾ**

124 (7421) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട്, തൃക്കൊടിത്താനം, മാടപ്പള്ളി, വാഴപ്പള്ളി, കുറിച്ചി, ചങ്ങനാശ്ശേരി ഠൗൺ എന്നീ സ്ഥലങ്ങളിലെ കൃഷിഭവനുകൾവഴി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ കാർഷിക വികസന പരിപാടികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി ഓരോ കൃഷിഭവനിലും ചെലവാക്കിയ തുക എത്ര ;

(സി) പ്രസ്തുത പദ്ധതികളിലൂടെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാഴപ്പള്ളി - 86,19,900 രൂപ

തൃക്കൊടിത്താനം - 17,07,606 "

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly